ഫോറം നമ്പർ 7
റൂൾ 18 (1) കാണുക

**വിജ്ഞാപനം**

റഫ്. നമ്പർ 260/14

സ്ഥലം; തലശ്ശേരി

തീയ്യതി;18.12.17

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കലക്ടറേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ഗെയിൽ പദ്ധതിക്ക് എസ്.വി/ ഐ.പി സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തൃപ്പങ്ങോട്ടൂർ ഭൂമി ഏറ്റെടുക്കുന്നതിലേക്ക് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജെ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല; കണ്ണൂർ　　　　താലൂക്ക്; തലശ്ശേരി

വില്ലേജ് ; തൃപ്പങ്ങോട്ടൂർ　　　　ദേശം;കടവത്തൂർ

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെ.ആർ. ച.മീ) | ഏതു പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 158/7 | 0.0140 | 0.2474 ഹെ | ഗെയിൽ ഇന്ത്യാ ലിമിറ്റഡ് ഭാരത സർക്കാറിന്റെ പൂർണ്ണമായ ഉടമസ്ഥതയിലുള്ള ഒരു ലിമിറ്റഡ് കമ്പനിയാണ്. പ്രകൃതി വാതക ലഭ്യതയെക്കുറിച്ച്. ഗവേഷണം നടത്തി ഉത്പാദനം, സംസ്കരണം, വിതരണം, വിപണനം എന്നീ മേഖലകളിലെ മുൻനിര പ്രകൃതി വാതക കമ്പനി(Gail (India) Ltd 2013 ലെ LARR ആക്ടിൽ പ്രതിപാദിക്കുന്ന തരത്തിൽ ടി ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനു വേണ്ടിയാണ്. | ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ യാതൊരു തരത്തിലുള്ള കെട്ടിടങ്ങളോ പൊതുസ്വഭാവമുള്ള സ്ഥാപനങ്ങളോ ഇല്ല. പകരം ഭൂമി ലഭ്യമല്ലെന്നതിനാലും, സമീപ പ്രദേശത്തെ 200 മീറ്റർ ചുറ്റളവിൽ കടവത്തൂർ ഈസ്റ്റ് എൽ.പി.സ്ക്കൂൾ, തെങ്ങംപറമ്പ് എൽ.പി.സ്ക്കൂൾ, കടവത്തൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ, തൃപ്പങ്ങോട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം, ഷറഫുൾ ഇസ്ലാം മദ്രസ്സ, കിരിയാട് ജുമാഅത്ത് പള്ളി, മുണ്ടത്തോട് കരിയാടൻ നിസ്ക്കാര പള്ളി എന്നിവ സ്ഥിതി ചെയ്യുന്നു. | ടി.കെ.മുഹമ്മദ്, തെക്കേ കുനിയിൽ മുണ്ടത്തോട് പി ഒ, കടവത്തൂർ |
| 2 | 158/8 | 0.0660 | | | | കൊറ്റോൾ കദീജ, കൊറ്റോൾ ഹൗസ്, മുണ്ടത്തോട് പി ഒ, കടവത്തൂർ |
| 3. | 158/9 | 0.0934 | | | | തയ്യിൽ അഹമ്മദ് ഹാജി, ജുമാഅത്ത് പള്ളിക്ക് സമീപം, മുണ്ടത്തോട് പി ഒ, കടവത്തൂർ |
| 4 | 158/10 | 0.0740 | | | | കുറ്റേരി പൊയ്യിൽ കുഞ്ഞഹമ്മദ്, കേവ്കണ്ടിയിൽ, മുണ്ടത്തോട് പി ഒ, കടവത്തൂർ |

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

തൃപ്പങ്ങോട്ടൂർ വില്ലേജ് കടവത്തൂർ ദേശത്ത് മുണ്ടത്തോട് എന്ന സ്ഥലത്തെ റി സ 158/7-ൽ 0.0140, 158/8-ൽ 0.0660, 158/9-ൽ 0.0934, 158/10-ൽ 0.0740 ഹെക്ടർ എന്നിങ്ങനെ ആകെ 0.2474 ഹെക്ടർ സ്ഥലത്താണ് നിർദ്ദിഷ്ട സ്റ്റേഷൻ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. രേഖകളിൽ നിലമായ ഈ സ്ഥലത്ത് കൃത്യമായ കൃഷിയോ കെട്ടിടങ്ങളോ കാര്യമായ അനുഭവങ്ങൾ ലഭിക്കുന്ന വൃക്ഷങ്ങളോ ഇല്ലാത്തതിനാൽ കൃഷിക്കോ തൊഴിലിനോ വരുമാനത്തിനോ ആഘാതമൊന്നും സംഭവിക്കുന്നില്ല എന്ന് സമിതി വിലയിരുത്തിയതോടൊപ്പം സ്ഥലവാസികളെ എസ്.വി.സ്റ്റേഷൻ സ്ഥാപിക്കുന്നത് പൈപ്പ് ലൈനിന്റെ പ്രാദേശിക സുരക്ഷയ്ക്ക് വേണ്ടിയാണെന്നും വായുവിനേക്കാളും സാന്ദ്രത കുറഞ്ഞതിനാൽ പ്രകൃതിവാതകം അന്തരീക്ഷത്തിൽ ഉയർന്നുപോകും തുടങ്ങിയ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമായ ബോധവത്ക്കരണം ഗെയിൽ അധികാരികൾ എത്രയും പെട്ടെന്ന് നടത്തണമെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്തു. എല്ലാ കാര്യങ്ങളും പരിശോധിച്ചതിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് അനുയോജ്യമാണെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപവും ആയതിന്മേലുള്ള വിദഗ്ധ സമിതിയുടെ ശുപാർശയും ഇപ്രകാരമാണ്.

സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ,
തലശ്ശേരി